# ഇരുചിറകുകളൊരുമയിലങ്ങനെ

സ്ത്രീ പരുഷന്റേയോ , പുരുഷൻ സ്ത്രീയുടേയോ ശത്രുവല്ല. ഈ ഭൂമിയിലെ എല്ലാ ജൈവവ്യവസ്ഥയിലുമുള്ള രണ്ട് വിഭാഗങ്ങൾ മാത്രം. ഒത്തൊരുമയിൽ പ്രവർത്തിച്ച് വിജയം കൈവരിക്കേണ്ട രണ്ട് ഘടകങ്ങൾ. അതിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗമാണ് സ്ത്രീ.സ്ത്രീപഠനങ്ങൾ എന്നും നിലനിന്നിരുന്നു. കാഴ്ചപ്പാടുകൾ വ്യത്യസ്തങ്ങളായിരുന്നു എന്നു മാത്രം.

സ്ത്രീയ്ക്ക് വിധിച്ച സ്ഥാനം , സ്വാതന്ത്ര്യം എന്നിവയെക്കുറിച്ചെല്ലാം അഭിപ്രായങ്ങളും ചർച്ചകളും നിലനിന്നിരുന്നു. പാശ്ചാത്യരാജ്യങ്ങളിലും പൗരസ്ത്യരാജ്യങ്ങളിലും സ്ഥിതി ഒരുപോലെ തന്നെയായിരുന്നു.

കേരളത്തിലെ ആദ്യകാല ചെറുകഥാകാരിയായ കെ.സരസ്വതിയമ്മയെപ്പോലുള്ളവരുടെ ശബ്ദം ഒറ്റപ്പെട്ടതായി മാറി.വസ്ത്രധാരണം , ജീവിതത്തോടുള്ള സമീപനം , കാഴ്ചപ്പാട് എന്നിവയിൽ എല്ലാം തന്നെ ഒരു നിഴലായി മാറാതിരിക്കാൻ സ്ത്രീയെ അവർ സ്വതന്ത്ര വ്യക്തിത്വമാക്കി.

കാലത്തിന്റെ ഗതിവേഗത്തിൽ സ്ത്രീയുടെ വിദ്യാഭ്യാസ - തൊഴിൽ മേഖലകളിൽ അനേകം വ്യത്യാസം വന്നു.സ്ത്രീകൾ തൊഴിലുകളിലും വിദ്യാഭ്യാസത്തിലും പുരുഷനോടൊപ്പം നിലനിന്നു.

എന്നിരുന്നാലും സ്ത്രീ ശരീരവും സ്ത്രീയും എന്നും ഉപഭോഗവസ്തുവും ഉൽപ്പന്നവസ്തുവും ആകുന്നു എന്ന യാഥാർഥ്യത്തെ നമ്മൾ കണ്ണടച്ച് ഇരുട്ടാക്കരുത്.

## സ്ത്രീ പരസ്യങ്ങളിൽ

ഏതൊരുൽപ്പന്നത്തിന്റേയും അവിഭാജ്യഘടകമാണ് പരസ്യങ്ങൾ. ഉപ്പുതൊട്ടു കർപ്പൂരം വരെ ഏതുൽപ്പന്നവും വിറ്റഴിക്കാൻ സ്ത്രീശരീരത്തിന്റെ അകമ്പടിയിലാണ് നിർമ്മാതാക്കൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സാമൂഹിക പൊതുനിയമങ്ങളിൽ അശ്ലീലം എന്നു തരം തിരിക്കുന്നതിന്റെ അതിർവരമ്പുകളെ ലംഘിച്ചാണ് പരസ്യങ്ങൾ പ്രത്യക്ഷപ്പെടുന്നത്.സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം ഏറ്റവുമധികം അവമതിക്കപ്പെടുന്നത് പരസ്യങ്ങളിലാണ്.

## സ്ത്രീ സമൂഹയാഥാർഥ്യം

പണ്ട് , എന്നാൽ വളരെ പണ്ടൊന്നുമല്ല ഏതാണ്ട് ഒന്നൊന്നര വർഷം മുമ്പ് വരെ സ്ത്രീപീഡന വാർത്തകൾ പത്രങ്ങളുടെ ആഘോഷങ്ങളായിരുന്നു.ഒന്നാം പേജിൽ ഒരു തുടർക്കഥ പോലെയായിരുന്നു ഇത് വന്നിരുന്നത്.എന്നാലിന്ന് സ്ത്രീ പീഡനവാർത്തകൾ കൊണ്ട് പത്രത്തിന്റെ പന്ത്രണ്ടാം പേജ് നിറഞ്ഞിരിക്കുന്നു.പ്രായഭേദമില്ലാതെ , രോഗിയായാലും , വൃദ്ധയായാലും ബലാൽക്കാരമായി സംയോഗത്തിനു മുതിരുക എന്നത് സമൂഹത്തിലെ പൗരുഷത്തിന്റെ നിസ്സംഗതയോ ? നിസ്സഹായതയോ ?

## ഗൃഹാന്തരീക്ഷത്തിലെ സ്ത്രീ

കരണേഷു ദാസി - വീട്ടിലെ സ്ത്രീ എന്നും ഉപകരണവസ്തുവും ഉപഭോഗവസ്തുവും ആണ്. ചിലപ്പോൾ അലങ്കാരവസ്തുവും. നിർജ്ജീവതയെക്കുറിക്കുന്ന വസ്തു തന്നെയായിരിക്കയാണ് സ്ത്രീയുടെ അവസ്ഥ. എല്ലാവരുടേയും ഇഷ്ടത്തിനൊത്ത് എല്ലാം ഒരുക്കി , സുന്ദരിയായി നിൽക്കുന്ന വീട്ടമ്മയെയാണ് പരസ്യങ്ങൾ - സെക്കന്റുകൾ മാത്രം നീണ്ടുനിൽക്കുന്നവ - നമുക്കു പരിചയപ്പെടുത്തുന്നത്. കറപുരണ്ട വസ്തുങ്ങൾ കണ്ടാൽ ദേഷ്യപ്പെടാത്ത , അവയെ പുതു പുത്തൻ ആക്കി മാറ്റുന്ന അമ്മയെയാണ് കുഞ്ഞുങ്ങൾ സ്നേഹിക്കുന്നത്.

എന്നാൽ യഥാർത്ഥ വീട്ടിലെ അവസ്ഥ - സ്വന്തമായി അരമണിക്കൂർ പോലും നീക്കിവയ്ക്കാനില്ലാതെ വീട്ടിലെ പ്രാരാബ്ധങ്ങളിൽ ഉഴറുന്ന സ്ത്രീ , അവരുടെ ദയനീയ ചിത്രങ്ങൾ നമ്മൾ അറിയാറില്ല.

പുറത്തുപോയി തൊഴിലെടുക്കുന്ന സ്ത്രീകളുടെ അവസ്ഥ അതിലും ദയനീയമത്രേ. കാരണം , ജോലിയുടെ ഉത്തരവാദിത്വങ്ങൾക്കൊപ്പം വീട്ടിലെ ചുമതലകളും അവൾക്ക് വഹിക്കേണ്ടതായുണ്ട്. സാധാരണ വീട്ടമ്മയേക്കാളും ഇരട്ടിഭാരം അവർ വലിക്കുന്നു. ശാരീരികവും മാനസികവുമായ സംഘർഷങ്ങൾ...അതിനിടയിൽ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്ന സമൂഹത്തിന്റെ കണ്ണുകൾ , അല്പം സ്വാതന്ത്ര്യം മററുള്ളവരോട് എടുത്താൽ "സദാചാരത്തിന്റെ പഴന്തുണിയുപേക്ഷിച്ച് അവളെ തുടച്ചു മാറ്റാൻ "ശ്രമിക്കുന്നു.

"വിരൽ തട്ടി മറിഞ്ഞൊഴുകാൻ

തുടങ്ങവേ

പഴന്തുണി നനച്ചാരോ

തുടച്ചെടുക്കയാണെന്നെ.”

സ്ത്രീകൾക്കുനേരെ വർദ്ധിച്ചു വരുന്ന അക്രമങ്ങൾ മാനുഷിക ഭാവങ്ങൾക്കപ്പുറം രാക്ഷസീയമായി മാറിയിരിക്കുന്നു.സൗമ്യ ഇന്ന് മറവിയായി. കൊട്ടിഘോഷിച്ചും പൊലിപ്പിച്ചും നിത്യേന സംഭവങ്ങൾ ആവർത്തിക്കുന്നു.

## സൈബർ ഇരകളാകുന്ന സ്ത്രീകൾ

കേരളത്തിന്റെ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിൽ ഗൾഫ് മേഖല കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. എന്നാൽ തിളക്കമേറിയ ഈ ഗൾഫ് മേഖലക്ക് ഒരു ഇരുണ്ടവശമുണ്ട്. പ്രവാസികളുടെ ഭാര്യമാരുടെ ഒറ്റപ്പെടലിന്റെ വ്യഥകൾ. അംഗീകാരമോ , സ്നേഹമോ ലഭിക്കാത്ത ഇക്കൂട്ടരെ ലാക്കാക്കി പ്രവർത്തിക്കുന്ന സാമൂഹ്യവിരുദ്ധരായ സൈബർ കുറ്റവാളികൾ. മൊബൈൽ ഫോൺ സ്ത്രീകളുടെ സുരക്ഷക്ക് ഒരു പരിധി വരെ സഹായിക്കുന്നുണ്ടെങ്കിലും , ഇന്നത് അതിവിപത്തായി മാറുന്നു. മാധുര്യമേറിയ സംഭാഷണങ്ങൾ വൻചതികളിലേക്ക് നയിക്കുന്നു. മെസ്സേജുകളിൽ കടന്നു വരുന്ന അശ്ലീലങ്ങൾ , കൊലപാതകത്തോളം എത്തുന്നു.ആത്മഹത്യകൾ അനവധി.അംഗീകാരവും സൗഹൃദവും കൊതിക്കുന്ന സ്ത്രീകൾ ഇവരുടെ വലയിൽ വീഴുന്നു.വിദ്യാസമ്പന്നരും ഇക്കൂട്ടരിൽ ഉൾപ്പെടുന്നു എന്നത് ദു:ഖകരമായ വസ്തുതയാണ്.

തൊഴിലിടങ്ങളിലെ സ്ത്രീ

തൊഴിലിടങ്ങളിൽ ബൗദ്ധികമായി എത്ര ഉയർന്നാലും പുരുഷാധിപത്യത്തിന് കീഴിലായിരിക്കും സ്ഥാനം. മേലധികാരിയായ പുരുഷന്റെ വാഞ്ഛയ്ക്കനുസരിച്ച് ജീവിക്കുവാനോ , അനുസരിക്കുവാനോ വിധിക്കപ്പെട്ടവൾ ആകുന്നു.മാനസിക - ശാരീരിക പീഡനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു.വിധേയത്വം - പണത്തിനോട് , പദവിയോട് - പുലർത്തുന്ന പുരുഷന്മാരും ഇതേ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്.

ഇരുചിറകുകൾ

ഒരു വർഗ്ഗത്തെ മുഴുവൻ അടച്ചാക്ഷേപിക്കുവാനോ , കരിവാരിതേക്കാനോ അല്ല ശ്രമം.ഇരുചിറകുകളും ഒന്നിച്ച് പറക്കാനുള്ള ഊർജ്ജം നേടണം. ജാഗ്രത്തായ അവസ്ഥ ഇരുവർക്കും വേണം. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകം അവതരിപ്പിച്ച സ്ഥലത്തുനിന്നും സ്ത്രീകൾ പുറത്തേക്ക് വന്നത് ഘോഷയും മറക്കുടയും മാറ്റിയിട്ടാണ്. ഇന്നത്തെ സാമൂഹ്യസാഹചര്യത്തിൽ നിന്നുകൊണ്ട് ചിന്തിക്കുമ്പോൾ അന്ന് നടന്നത് മഹാത്ഭുതമാണ്. 21 - ആം നൂറ്റാണ്ടിലെ ആധുനിക സ്ത്രീക്ക് അങ്ങനെയാവാൻ കഴിയുമോ?സംശയം തന്നെ.ഈ പ്രവർത്തനങ്ങൾക്കായി അന്നു മുന്നോട്ട് വന്നത് പുരുഷന്മാരായിരുന്നു.അവരുടെ പിന്തുണയും ഉദ്ബോധനവുമാണ് സ്ത്രീ സമൂഹത്തിന് കരുത്ത് പകർന്നത്. പതുങ്ങിയും ഒതുങ്ങിയും ജീവിക്കുക എന്ന നിർദ്ദേശം സ്വീകാര്യമോ പരിഹാരമോ അല്ല. ഇരുചിറകുകളുടേയും നിസ്സംഗതയാണ് സമൂഹത്തിൽ ഇന്നു കാണുന്ന മൂല്യച്യുതി. ഈ അപചയത്തിൽ നിന്നും മുന്നേറാൻ , ഈ അവസ്ഥയെ മറികടക്കാൻ സ്ത്രീയെ പുരുഷനും പുരുഷനെ സ്ത്രീയും സഹായിക്കണം. സ്ത്രീവാദമോ , സ്ത്രീ പക്ഷമോ അല്ല സമൂഹം.

സാഹിത്യത്തിലെ സ്ത്രീ

ഈ വിഷയത്തെ അധികരിച്ചാണ് മുണ്ടശ്ശേരി മാഷിന്റെ ലേഖനം. സ്ത്രീ സാഹിത്യത്തിലെ കഥാപാത്രങ്ങളായാൽ ഉജ്ജ്വലം. ത്യാഗിനി. എന്നാൽ എഴുത്തുകാരിയായ സ്ത്രീയോ? പരിമിതികൾക്കുള്ളിൽ തളച്ചിടപ്പെടുന്നു. സ്വന്തമായി അരമണിക്കൂറോ , ഇരുന്നെഴുതാൻ ഒരു മുറിയോ സ്വന്തമില്ലാത്തവരെക്കുറിച്ചാണ് വെർജീനിയാ വുൾഫ് 20- ആം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പറഞ്ഞത്. ഇന്നും സ്ഥിതി വ്യത്യസ്തമല്ല.

എഴുത്തുകാരികളായ സ്ത്രീകൾ സ്വാതന്ത്ര്യബോധത്തോടെ , ചിന്തിക്കുകയും എഴുതുകയും ചെയ്താൽ സദാചാരവിരുദ്ധയായി മുദ്ര കുത്തപ്പെടുന്നു. മരണാനന്തരം മാലാഖയായി വാഴ്ത്തപ്പെടുകയും ചെയ്യും. മദ്യം , ലൈംഗികത മുതലായ വിഷയങ്ങൾ പുരുഷകേന്ദ്രീകൃതമാണ്. സ്ത്രീ ഇവയെക്കുറിച്ചെഴുതുകയോ , പരാമർശിക്കുകയോ ചെയ്താൽ ധിക്കാരിയും സമൂഹത്തിലെ തരംതാണവളുമായി.സ്ത്രീക്ക് സ്ത്രീയേയും പുരുഷന് പുരുഷനേയും നഷ്ടപ്പെടുന്നു.നിസ്സംഗത മാറണം. നിസ്സംഗതയുടെ കാഴ്ചക്കാരായി മാറാൻ പുരുഷന്മാർ അനുവദിക്കരുത്. ശക്തിയില്ലാതെ ശിവനോ , ശിവനില്ലാതെ ശക്തിക്കോ നിലനിൽക്കാനാവില്ല. ഈ സമത്വചിന്തയാണ് ഉൾക്കൊള്ളേണ്ടത്.കീഴ്പ്പെടുത്തലിന്റേയോ , കീഴടക്കലിന്റേയോ ഭാഷയില്ലാതെ അംഗീകാരത്തിന്റെ സ്വരം ഇരുപക്ഷത്തും ഉണ്ടാവണം. പാർശ്വവൽക്കരിക്കപ്പെട്ട് , സ്ത്രീ മാറ്റി നിർത്തപ്പെടുമ്പോൾ സമൂഹം അപകടകരമായ പാതയിലേക്കാണ് നീങ്ങുന്നത്. കാരണം സാമ്പത്തിക സാമൂഹിക അസമത്വങ്ങേക്കാൾ ഗുരുതരമാണ് സ്ത്രീ - പുരുഷ അസമത്വം. സമൂഹത്തിൽ സ്ത്രീക്ക് സ്ത്രീയായും പുരുഷന് പുരുഷനായും ജീവിക്കാൻ കഴിയണം. അതാണ് ഇരുചിറകുകളൊരുമയിലാകുമോയെന്ന പ്രസക്തമായ ചോദ്യം ഇവിടെ ഉന്നയിക്കുന്നത്.ഇതാണ് പാഠം ; അറിഞ്ഞിരിക്കേണ്ട ജീവിതപാഠം.

http://malayalamresources.blogspot.com/

ധനം.പി.മലയാളം അധ്യാപിക

ഗവൺമെന്റ് .എച്ച്.എസ്സ്.എസ്സ്.അഞ്ചേരി,തൃശ്ശൂർ.